പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: 4526

20.10.2011 - ൽ മറുപടിയ്ക്ക്

## കണ്ണൂർ എ.ആർ. ക്യാമ്പിലെ ക്വാർട്ടേഴ്സുകൾ

| ചോദ്യം<br>ശ്രീ. ജെയിംസ് മാത്യു | | ഉത്തരം<br>ശ്രീ.ഉമ്മൻചാണ്ടി<br>(മുഖ്യമന്ത്രി) |
|---|---|---|
| (എ) കണ്ണൂർ എ.ആർ. ക്യാമ്പിൽ പുതുതായി എത്ര ക്വാർട്ടേഴ്സാണ് നിർമ്മിച്ചിട്ടുള്ളത് ; ആയത് അലോട്ട് ചെയ്തു തുടങ്ങിയോ; | (എ) | 36 ക്വാർട്ടേഴ്സുകൾ. പ്രസ്തുത ക്വാർട്ടേഴ്സുകൾ ഉദ്യോഗസ്ഥർക്ക് അലോട്ട് ചെയ്തു കഴിഞ്ഞു. |
| (ബി) ക്വാർട്ടേഴ്സ് അലോട്ട് ചെയ്യുന്നതിനുള്ള മാനദണ്ഡം വ്യക്തമാക്കാമോ; | (ബി) | ക്വാർട്ടേഴ്സുകൾ അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ നിശ്ചയിച്ചുകൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു) |
| സി) പുതുതായി നിർമ്മിച്ച ക്വാർട്ടേഴ്സ്, ഓഫീസേഴ്സ് ക്വാർട്ടേഴ്സാണോ അതോ സബോർഡിനേറ്റ് ക്വാർട്ടേഴ്സാണോ എന്ന് അറിയിക്കുമോ; | (സി) | സബോർഡിനേറ്റ് ക്വാർട്ടേഴ്സാണ് |
| (ഡി) ക്വാർട്ടേഴ്സ് അനുവദിച്ചുകിട്ടുന്നതിനായി നല്കിയ എത്ര അപേക്ഷകളിൽ ക്വാർട്ടേഴ്സ് അനുവദിക്കാതെ ഉണ്ട്; | (ഡി) | ഒഴിവില്ലാത്തതിനാൽ 11 അപേക്ഷകർക്ക് ക്വാർട്ടേഴ്സ് അനുവദിച്ചിട്ടില്ല |
| (ഇ) അപേക്ഷകരുടെ സീനിയോറിറ്റി മറികടന്ന് ഓഫീസർമാർക്ക് ക്വാർട്ടേഴ്സ് അനുവദിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ; മാനദണ്ഡം മറികടന്ന് ക്വാർട്ടേഴ്സ് അനുവദിച്ചതിന്റെ കാരണം വ്യക്തമാക്കാമോ ? | (ഇ) | അനുവദിച്ചിട്ടുണ്ട്. കണ്ണൂർ ജില്ലയിൽ അപ്പർ സബോർഡിനേറ്റ് ക്വാർട്ടേഴ്സിൽ നിലവിൽ ഒഴിവില്ലാത്തതിനാൽ കണ്ണൂർ സിറ്റി സർക്കിൾ ഇൻസ്പെക്ടർക്ക് ഒരു ക്വാർട്ടേഴ്സും എ.ആർ. ക്യാമ്പിൽ ഓഫീസർമാർക്ക് ക്വാർട്ടേഴ്സ് ഇല്ലാത്തതിനാൽ റിസർവ്വ് ഇൻസ്പെക്ടർക്ക് ഒരു ക്വാർട്ടറും അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്.

--- --